Lalith Babu

# Reliable person നൽകുന്ന വിവരങ്ങൾ

ഒരാൾക്ക് സർട്ടിഫിക്കറ്റ് നൽകേണ്ട ആവശ്യത്തിലേക്കായി പ്രാദേശിക അന്വേഷണം നടത്തിയപ്പോൾ ആ സർട്ടിഫിക്കറ്റിന് അയാൾ അർഹനല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നിഷേധിക്കുകയുണ്ടായി. അയാൾ ഇപ്പോൾ ഒരു വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അയാളെക്കുറിച്ച് ആരോടാണ് അന്വേഷിച്ചതെന്നും അയാൾ എന്താണ് പറഞ്ഞതെന്നും ആ വ്യക്തിയുടെ വിലാസം നൽകണമെന്നുമാണ് അപേക്ഷയിലെ ആവശ്യം. വിവരങ്ങൾ പറഞ്ഞു തന്ന വ്യക്തിയുടെ പേര് ഫയലിൽ ഉണ്ട്. അത് നൽകേണ്ടതുണ്ടോ

ഉദ്യോഗസ്ഥർ അന്വേഷണത്തിന്റെ ഭാഗമായി ചില വ്യക്തികളിൽ നിന്ന് വിവരങ്ങൾ ശേഖരിയ്ക്കാറുണ്ട്. ഇങ്ങനെയുള്ള വ്യക്തികളെ **realiable person** എന്നാണ് പറയുന്നത്. ഇപ്രകാരമുള്ള വ്യക്തികൾ നൽകുന്ന വിവരങ്ങൾ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(e)ൽ പറയുന്ന **fiduciary relationship** പ്രകാരം ലഭിയ്ക്കുന്ന വിവരങ്ങൾ എന്ന വിഭാഗത്തിൽ വരുന്നതാണ്. അത്തരം വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല.

"Notwithstanding anything contained in this Act, there shall be no obligation to give any citizen,—

**section 8(1)(e)** : information available to a person in his fiduciary relationship, unless the competent authority is satisfied that the larger public interest warrants the disclosure of such information;"